"ഭരണഭാഷ - മാതൃഭാഷ"

ഫോൺ നം. 0471 -2478759 (Office)
ഇ -മെയിൽ -registrar.kdc@kerala.gov.in

# കേരള ഡെന്റൽ കൗൺസിൽ

അമ്പലത്തുക്ക്, വഞ്ചിയൂർ , തിരുവനന്തപുരം - 695 035, കേരള

---

## ഡെന്റിസ്ട്രിയിൽ ആജീവനാന്ത നേട്ട പുരസ്കാരം - 2020 പ്രഖ്യാപിക്കുന്നതിന്- അപേക്ഷകൾ ക്ഷണിക്കുന്നു.

ലോക ഡെന്റിസ്റ്റു ദിനമായ ഡിസംബർ 24 ന് ഡെന്റിസ്ട്രിയിൽ 2020 ആജീവനാന്ത നേട്ട പുരസ്കാരം പ്രഖ്യാപിക്കുന്നതിന് കേരള ഡെന്റൽ കൗൺസിൽ താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു.

1. കേരള ഡന്റൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 60 വയസ്സിനു മുകളിലുള്ളതുമായ ദന്ത ഡോക്ടർമാർ.
2. നിലിവിലെ കേരള ഡെന്റൽ കൗൺസിൽ മെമ്പർമാർ പുരസ്കാരത്തിന് അപേക്ഷിക്കാൻ പാടുള്ളതല്ല.
3. അച്ചടക്ക നടപടിയുടെ ഭാഗമായി കൗൺസിൽ മുഖേനയോ സദാചാരദൂഷ്യം ഉൾപ്പടെയുള്ള കുറ്റകൃത്യങ്ങൾക്ക് കോടതി മുഖേനയോ ശിക്ഷിക്കപ്പെട്ട ആൾ ആയിരിക്കാൻ പാടില്ല.
4. ദന്താരോഗ്യമേഖലയിലും ശാസ്ത്ര വിദ്യാഭ്യാസ മേഖലയിലും സാമൂഹിക സാംസ്കാരിക മേഖലകളിലും സേവനം അനുഷ്ടിച്ചിട്ടുള്ളവരായിരിക്കണം.
5. ഒരിക്കൽ പുരസ്കാരം ലഭിച്ചവർ അപേക്ഷിക്കാൻ പാടുള്ളതല്ല.
6. കഴിഞ്ഞ വർഷം പുരസ്കാരത്തിന് അപേക്ഷിക്കുകയും പുരസ്കാരം ലഭിക്കാതിരിക്കുകയും ചെയ്തവരെ സംബന്ധിച്ച് വീണ്ടും അപേക്ഷിക്കേണ്ടതില്ല. എന്നാൽ ഹാജരാക്കിയിട്ടുള്ള രേഖകൾ കൂടാതെ മറ്റേതെങ്കിലും യോഗ്യതയുള്ള പക്ഷം ആയതിന്റെ രേഖകൾ മാത്രം ഹാജരാക്കിയാൽ മതിയാകുന്നതാണ്.

മേൽപ്പറഞ്ഞ യോഗ്യതയുള്ള പ്രഗത്ഭരായ ഡെന്റിസ്റ്റുകൾക്ക് അവരുടെ സേവനങ്ങൾ മുൻ നിർത്തി പ്രസ്തുത പുരസ്കാരത്തിനായി സ്വയം അപേക്ഷ നൽകുകയോ മറ്റ് വ്യക്തികൾക്കോ സംഘടനകൾക്കോ അപ്രകാരമുള്ളവരെ നാമ നിർദ്ദേശം ചെയ്തുകൊണ്ടുള്ള അപേക്ഷ അയക്കുകയോ ചെയ്യാവുന്നതാണ്.

അപേക്ഷ കൗൺസിലിൽ ലഭിക്കേണ്ട അവസാന തീയതി 2020 നവംബർ 20 ആണ്.

കൗൺസിലിൽ ലഭ്യമാകുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ച് ഏറ്റവും യോഗ്യനായ വ്യക്തിയെ പുരസ്കാരത്തിനായി തെരെഞ്ഞെടുക്കുന്നതാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്. യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം അപേക്ഷ അവസാന തീയതിക്ക് മുമ്പായി കൗൺസിലിൽ ലഭ്യമാക്കേണ്ടതാണ്. സംശയ നിവാരണത്തിനായി **www.medicalcouncil.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0471 -2478758 Or 59 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

വിശ്വസ്തതയോടെ,

രജിസ്ട്രാർ